# ജില്ലയ്ക്ക് ഓണസമ്മാനമായി ഹയർ സെക്കൻഡറി മേഖലാ ഓഫിസ്

മലപ്പുറം ● ജില്ലയിൽ ഹയർ സെക്കൻഡറി മേഖലാ ഓഫിസ് തുടങ്ങും. നിലവിലുള്ള മൂന്നു മേഖലാ ഓഫിസുകൾക്കു പുറമേ കണ്ണൂർ, മലപ്പുറം, കോട്ടയം എന്നിവിടങ്ങളിലായി മൂന്നു മേഖലാ ഓഫിസുകൾകൂടി തുടങ്ങാൻ കഴിഞ്ഞ ദിവസത്തെ മന്ത്രിസഭാ യോഗമാണ് അനുമതി നൽകിയത്.

ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയുടെ വർഷങ്ങളായുള്ള ആവശ്യമാണ് നടപ്പാകുന്നത്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഹയർ സെക്കൻഡറി മേഖലാ ഓഫിസുകളുള്ളത്. മലബാറിൽ കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകൾക്കായി ഒരൊറ്റ ഓഫിസ് മാത്രമാണ് ഉണ്ടായിരുന്നത്. ഇനി മലപ്പുറത്തെ ഓഫിസിനു കീഴിൽ മലപ്പുറം, പാലക്കാട് ജില്ലകളിലെ ഹയർസെക്കൻഡറി സ്കൂളുകൾ മാത്രമേ ഉണ്ടാവുകയുള്ളൂ. 2,000 സ്കൂളുകളും നാലു ലക്ഷത്തിനടുത്ത് അധ്യാപകരും മറ്റു ജീവനക്കാരും ഉൾപ്പെടുന്ന ഹയർ സെക്കൻഡറി മേഖലയിലെ ദൈനംദിനകാര്യങ്ങൾ കൈകാര്യംചെയ്യാൻ ഒരു ഡയറക്ടറേറ്റും മൂന്നു മേഖലാ ഓഫിസുകളും മതിയാവില്ല എന്ന സ്ഥിതി വന്നപ്പോഴാണ് കൂടുതൽ മേഖലാ ഓഫിസുകളെപ്പറ്റി വിദ്യാഭ്യാസ വകുപ്പ് ആലോചിച്ചത്.

വിദഗ്ധ സമിതി ഇതിന് പച്ചക്കൊടി കാട്ടിയെങ്കിലും ധനവകുപ്പിന്റെ അംഗീകാരം വൈകി. ധനവകുപ്പും അംഗീകരിച്ചതോടെയാണ് അന്തിമ തീരുമാനമായത്.

വിദ്യാർഥികളുടെ സ്കൂൾ ട്രാൻസ്ഫർ, നിരന്തര മൂല്യനിർണയത്തിന്റെമേൽനോട്ടം,എയ്ഡഡ് സ്കൂളുകളിലെ തസ്തികനിർണയത്തിന് അംഗീകാരം നൽകൽ, ശമ്പള ബിൽ അംഗീകരിക്കൽ,ഓഡിറ്റ് തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായി മേഖലാ ഓഫിസുകളിൽ കൈകാര്യംചെയ്യുന്നത്. ഇതിൽ ശമ്പള ബിൽ പാസാക്കാൻ പ്രിൻസിപ്പൽമാരും അധ്യാപകരും ജീവനക്കാരും മേഖലാ ഓഫിസുകളിൽ ഒന്നിലേറെത്തവണ എത്തേണ്ട അവസ്ഥയുണ്ടായിരുന്നു.

എയ്ഡഡ് പ്രിൻസിപ്പൽമാർക്ക് ശമ്പള ബിൽ നേരിട്ടു ട്രഷറിയിൽ സമർപ്പിക്കാൻ കഴിയാത്തതിനാൽ മുഴുവൻ കാര്യങ്ങളും മേഖലാ ഓഫിസ് വഴിയായിരുന്നു. കാസർകോട്ടുനിന്നും പാലക്കാട്ടുനിന്നും മണിക്കൂറുകൾ യാത്രചെയ്ത് കോഴിക്കോട് ഓഫിസിൽ ഒന്നിലേറെത്തവണ എത്തേണ്ട പ്രയാസം പുതിയ ഓഫിസുകൾ വരുന്നതോടെ ഇല്ലാതാകും.

**പ്രിൻസിപ്പൽമാരിൽനിന്ന്**

## നിയമനം

മേഖലാ ഓഫിസിന്റെ ചുമതലയുള്ള ഡപ്യൂട്ടി ഡയറക്ടർമാരെ സർക്കാർ ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാരിൽനിന്നാണു നിയമിക്കുക. മൂന്ന് അക്കൗണ്ട്സ് ഓഫിസർമാർ, ജൂനിയർ സൂപ്രണ്ടുമാർ, ആറ് ക്ലാർക്കുമാർ, പ്യൂൺ, ടൈപ്പിസ്റ്റുമാർ എന്നിവരും പുതിയ മേഖലാ ഓഫിസിൽ ഉണ്ടാവും.

**പ്രശ്നപരിഹാരത്തിന് സഹായിക്കും**

## കെഎച്ച്എസ്ടിയു

മലപ്പുറം ● മൂന്നു മേഖലാ ഓഫിസുകൾകൂടി തുടങ്ങാനുള്ള സർക്കാർ തീരുമാനം ഹയർ സെക്കൻഡറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുമെന്ന് കെഎച്ച്എസ്ടിയു സംസ്ഥാന കമ്മിറ്റി. കെ.ടി. അബ്ദുൽ ലത്തീഫ് ഉദ്ഘാടനം ചെയ്തു. കെ.എം. ഷാഫി ആധ്യക്ഷ്യം വഹിച്ചു. പുതിയ ഹയർ സെക്കൻഡറി മേഖലാ ഓഫിസ് ജില്ലയിലെ വിദ്യാർഥികൾക്കും അധ്യാപകർക്കും ഏറെ പ്രയോജനം ചെയ്യുമെന്ന് എംഎസ്എഫ് മണ്ഡലം കമ്മിറ്റി. നിലവിൽ കോഴിക്കോട് ഓഫിസിനെ ആശ്രയിക്കുന്നവർക്ക് ഇതൊരനുഗ്രഹമാണ്. പ്രസിഡന്റ് യു.പി. അഫ്സൽ ആധ്യക്ഷ്യം വഹിച്ചു.